This Question Paper consists of **76** questions **11** printed pages

| **Roll No.** **റോൾ നമ്പർ** | | | | | | | | | | | | | **Code No. 71/SS/A/MM** **കോഡ് നമ്പർ** |
|---|---|---|---|---|---|---|---|---|---|---|---|---|---|

**SET/ സെറ്റ്** **A**

# MALAYALAM

# മലയാളം

# (343)

**Day and Date of Examination**
(പരീക്ഷാ ദിവസവും തീയതിയും) ____________________

**Signature of Invigilators :**
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)
1. ____________________
2. ____________________

UNNATI EDUCATIONS
EK KADAM UNNATI KI AUR

**പൊതുവായ നിർദ്ദേശങ്ങൾ :**

1. **പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.**
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **71/SS/A/MM** **സെറ്റ്** **A** എഴുതേണ്ടതാണ്.



UNNATI EDUCATIONS
9899436384: 9654-279-279

# മലയാളം

# (343)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

**നിർദ്ദേശങ്ങൾ :**

1. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നല്കിയിരിക്കുന്ന ഉത്തര പുസ്തകത്തിൽ നല്കേണ്ടതാണ്.
2. ഈ ചോദ്യ പേപ്പർ വായിക്കാൻ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. 02.15 ന് ചോദ്യപേപ്പർ വിതരണം ചെയ്യും. 02.15 മുതൽ ഉച്ചയ്ക്ക് 02.30 വരെ, വിദ്യാർത്ഥികൾ ചോദ്യപേപ്പർ നന്നായി വായിക്കുക. ഈ കാലയളവിൽ ഉത്തര പുസ്തകത്തിൽ ഉത്തരമൊന്നും എഴുതരുത്.

**നിർദ്ദേശങ്ങൾ :** ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക.

I. താഴെക്കൊടുത്തിരിക്കുന്ന 20 ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. ഓരോ മാർക്കു വീതം. **20x1=20**

1. അഞ്ഞൂറു വയസുള്ള അപ്പൂപ്പൻ കുഞ്ഞായതെങ്ങനെ ?
   (A) അഞ്ഞൂറു വയസുള്ളവരുടെ അപ്പൂപ്പന്റെ അപ്പൂപ്പൻ ജീവിച്ചിരിക്കുന്നതുകൊണ്ട്.
   (B) അഞ്ഞൂറു വയസ്സുള്ളവർ കുഞ്ഞുങ്ങളെപ്പോലെ പെരുമാറുന്നതുകൊണ്ട്.
   (C) നിശ്ചിത വയസ്സു കഴിഞ്ഞാൽ വൃദ്ധന്മാരെല്ലാം കുഞ്ഞുങ്ങളെപ്പോലെ ആയതുകൊണ്ട്.
   (D) കാലനില്ലാത്ത കാലം ആയതുകൊണ്ട്.

UNNATI EDUCATIONS
EK KADAM UNNATI KI AUR

2. നിസാർ അഹമ്മദ് എങ്ങനെയുള്ള വ്യക്തിയാണ് ?
   (A) ലജ്ജാശീലനാണ്
   (B) സാമൂഹിക ശീലങ്ങളുടെ അടിമയാണ്
   (C) പരിഷ്കൃതാശയനാണ്.
   (D) സ്ത്രീകളോട് ഇഷ്ടമുള്ളവനാണ്.

3. 'വിട്ടയയ്ക്കുക'എന്ന കവിതയുടെ ഇതിവൃത്തം എന്താണ് ?
   (A) ഉള്ളുനീറിക്കഴിയുന്ന വ്യക്തിയുടെ ആത്മരോദനം
   (B) കൂട്ടിലെ കിളികളുടെ ദുഃഖം
   (C) ജനതയുടെ വിമോചനം
   (D) ആകാശത്തു പറക്കാനുള്ള ആഗ്രഹം



UNNATI EDUCATIONS
9899436384: 9654-279-279

4. 'നീ നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക' എന്നത് ആരുടെ സന്ദേശമാണ് ?

(A) രവീന്ദ്രനാഥ ടാഗോറിന്റെ

(B) സുകുമാർ അഴിക്കോടിന്റെ

(C) ശ്രീബുദ്ധന്റെ

(D) യേശുക്രിസ്തുവിന്റെ

5. 'ഒരൊറ്റ സ്പർശം കൊണ്ട് അവൾ എന്റെ ആരെല്ലാമോ ആയിത്തീർന്നു.' ഡോക്ടർ ഒരു പ്രാവിശ്യം സ്പർശിച്ചത് ആരെയാണ് ?

(A) മനോജിന്റെ ഭാവി വധുവിനെ

(B) മനോജിന്റെ അമ്മയെ

(C) മനോജിന്റെ സഹോദരിയെ

(D) മനോജിന്റെ നേഴ്സിനെ

6. ക്ഷുരകനെ ആശ്രയിക്കുന്നത് ഒഴിവാക്കിയത് ആര് ?

(A) റാനഡെ

(B) ഗോഖലെ

(C) ഗാന്ധിജി

(D) ബാരിസ്റ്റർ

7. പൂരിച്ച ഖേദത്തോടെ കരം മടിയിൽ ചേർത്തുവച്ച് കരയുന്നതാരാണ് ?

(A) ഗാന്ധാരി

(B) ഭൂരിശ്രാവിന്റെ പത്നി

(C) സുഭദ്ര

(D) ദുശ്ശള

8. താഴെപ്പറയുന്നതിൽ ഉതുപ്പാനുമായി ബന്ധ്അപ്പെടാത്തതേത് ?

(A) കിണർ ഉതുപ്പാന്റെ സന്താനം പോലെയായിരുന്നു.

(B) അധികാരികൾ ഉതുപ്പാന്റെ ആത്മാർത്ഥത ഒടുവിൽ തിരിച്ചറിഞ്ഞു.

(C) ജനങ്ങളുടെ അവഗണന അയാളെ ദുഃഖിതനാക്കി

(D) ആളുകൾ അയാളെ ഭ്രാന്തനെന്ന് മുദ്രകുത്തി

UNNATI EDUCATIONS
EK KADAM UNNATI KI AUR



UNNATI EDUCATIONS
9899436384: 9654-279-279

9. 'നാളെയാണല്ലോ' നാളെ നടക്കുന്ന സംഭവം എന്തെന്നാണ് പാറാവുകാരൻ സൂചിപ്പിക്കുന്നത് ?

(A) മകനെ കാണാനുള്ള സമയം

(B) മകനെ അടക്കം ചെയ്യുന്ന സമയം

(C) മകനെ തൂക്കിക്കൊല്ലുന്ന സമയം

(D) മകനു ശിക്ഷ വിധിക്കുന്ന ദിവസം

10. സാമൂഹിക സാഹചര്യങ്ങളുമായി തട്ടിച്ചു നോക്കേണ്ടത് എന്ത് ?

(A) കഥാപാത്രത്തിന്റെ നിലപാടുകളെ

(B) കഥാപാത്രത്തിന്റെ സ്ഥാനം

(C) കഥാപാത്രത്തിന്റെ സംഭാഷണം

(D) കഥയിലെ സന്ദർഭങ്ങൾ

11. 'ഒരപ്പനും മക്കളോടു കാണിക്കാൻ പാടില്ലാത്ത എന്തു പ്രവൃത്തിയാണ് കർണ്ണൻ സെബാസ്റ്റ്യൻ ചെയ്തത് ?

(A) ഹോം നേഴ്സിന് കേറിപ്പാർക്കാൻ അഞ്ചു സെന്റ് സ്ഥലം തീറെഴുതിക്കൊടുത്തു.

(B) വാച്ച്, മോതിരം, മാല എന്നിവ ദാനം ചെയ്തു.

(C) ഹോം നേഴ്സിന് രണ്ടേക്കർ പറമ്പ് ഇഷ്ടദാനം കൊടുത്തു.

(D) നാടകത്തിന്റെ വേഷമണിഞ്ഞ് കവലയിറങ്ങി.

UNNATI EDUCATIONS
EK KADAM UNNATI KI AUR

12. മിന്നുന്ന നക്ഷത്രങ്ങളിൽ ഇപ്പോഴും ദൃശ്യമാകുന്നതെന്തെന്നാണ് കവി സൂചിപ്പിക്കുന്നത് ?

(A) പൈതലിന്റെ കണ്ണുനീർ

(B) വല്ലഭയുടെ നെഞ്ചിടിപ്പ്

(C) കവിയുടെ ഞടുക്കം

(D) ഇന്നു ഞാൻ നാളെ നീ എന്ന ആറക്ഷരം

13. മുല്ലക്കുടങ്ങളിൽ ശംഖ് ഊതുന്നത് ആരാണ് ?

(A) തേനീച്ച

(B) പൂമ്പാറ്റ

(C) പുരോഹിതൻ

(D) വണ്ട്



UNNATI EDUCATIONS
9899436384: 9654-279-279

14. ചെറിയമ്മാവൻ അമ്മയുടെ കൈയിൽ കൊടുത്ത പൊതിയിൽ എന്തായിരുന്നു ?

(A) കരയുള്ള മുണ്ട്

(B) നേര്യത്

(C) കണ്ണാന്തളിപ്പൂവ്

(D) പലഹാരം

15. താഴെപ്പറയുന്നതിൽ ഗ്രീസിലെ സേനാനായകൻ ആരായിരുന്നു ?

(A) പ്ലേറ്റോ

(B) അരിസ്റ്റോട്ടിൽ

(C) പെരിക്ലീസ്

(D) ഈസ്കിലസ്സ്

16. 'നനവേറ്റാൽ വാടും ചൂടേറ്റാൽ നീരും' എന്ന കടങ്കഥയുടെ ഉത്തരം ഏത് ?

(A) ചീര

(B) പപ്പടം

(C) തൊട്ടാവാടി

(D) വെള്ളരി

UNNATI EDUCATIONS
EK KADAM UNNATI KI AUR

17. 'എന്റെ കണ്ണേ പൊട്ടിയിട്ടുള്ളു. എനിക്ക് കാതു കേൾക്കാമെന്ന് ' ഇത് ആരുടെ വാക്കുകളാണ് ?

(A) വേണുവിന്റെ

(B) മാധവന്റെ

(C) തേവന്റെ

(D) മനോജിന്റെ

18. 'ലോകം ഒരു പക്ഷിക്കൂടാകുക' ഇത് ഏത് സ്ഥാപനത്തിന്റെ മുഖമുദ്രയാണ് ?

(A) ശാന്തിനികേതനത്തിന്റെ

(B) സബർമതിയുടെ

(C) വിശ്വഭാരതിയുടെ

(D) കലാക്ഷേത്രത്തിന്റെ



UNNATI EDUCATIONS
9899436384: 9654-279-279

19. കലാകാരന്മാരെ അനുഗൃഹീത പുരുഷന്മാരെന്നും അമാനുഷ്യ പ്രഭാവന്മാരെന്നും വിളിക്കുന്നതെന്തുകൊണ്ട് ?

(A) ജന്മസിദ്ധിയുള്ളതുകൊണ്ട്

(B) കലാസൃഷ്ടി നടത്തുന്നതുകൊണ്ട്

(C) അതിബുദ്ധിമാന്മാരായതുകൊണ്ട്

(D) കലാസിദ്ധിയെ വ്യക്തമായി നിർവചിക്കാൻ കഴിയാത്തതുകൊണ്ട്

20. 'പാടില്ല തൂവെളിച്ചത്തിനു വേണ്ടിയെൻ പാരമ്പര്യങ്ങളെ തള്ളാൻ' ഇത് പറഞ്ഞതാരാണ് ?

(A) മുക്താംഗി

(B) മുത്തശ്ശി

(C) പെൺകുട്ടി

(D) സൂര്യൻ

UNNATI
EDUCATIONS
EK KADAM UNNATI KI AUR

II. അഞ്ചെണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഒരു മാർക്കു വീതം. 5x1=5

21. കഥയുടെ ഒടുവിൽ വെള്ളായിയപ്പൻ എത്തിച്ചേർന്നത് എവിടെയാണ് ?

22. വാർധക്യത്തെ പരിഗണിക്കാതെ മക്കൾ തന്നെ അപ്പനെ ഒഴിവാക്കുന്ന വർത്തമാന കാലത്തിന്റെ വിമർശനമാകുന്ന കഥ ഏത് ?

23. അന്നത്തെ പുണ്യം എന്ന കവിതയിലെ പുണ്യഭൂമി ഏത് ?

24. ആപ്തെയുടെ നിഘണ്ടുവിൽ അയൽ വീട് എന്ന അർത്ഥമുള്ളത് ഏത് പദത്തിനാണ് ?

25. അവിചാരിതമായി എന്തു സംഭവിച്ചതുകൊണ്ടാണ് നാടകസംഘം പിരിച്ചു വിട്ടത് ?



UNNATI EDUCATIONS
9899436384: 9654-279-279

**III.** അഞ്ചെണ്ണത്തിന് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. ഒരു മാർക്ക് വീതം. **5x1=5**

**26.** കാലനില്ലാത്ത കാലത്ത് __________ നുണപറഞ്ഞ് ഫലിപ്പിക്കാനാവുന്നില്ല.

**27.** കുഞ്ഞു പാത്തുമ്മ പിന്നീടു പോകുന്നത് __________ മാതിരിയാണ്.

**28.** __________ വീശി തടാകം പ്രേമത്തോടെ കിളിയെ മാടിവിളിക്കുന്നു.

**29.** കീമോതെറാപ്പിയുടെ ക്രൌര്യം __________ തളർത്താൻ തുടങ്ങി.

**30.** വക്കീലെന്ന നിലയ്ക്കുള്ള നിങ്ങളുടെ കഴിവിൽ എനിക്കു വിശ്വസിക്കാം പക്ഷെ __________ വയ്യ.

**IV.** അഞ്ചെണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക. ഓരോ മാർക്ക് വീതം. **5x1=5**

**31.** ശകുനിയുടെ ശവശരീരം പക്ഷികൾക്ക് ആഹാരമായി തീർന്നിരിക്കുന്നു.

**32.** സ്വന്തം ആളുകളും തനിക്ക് മിത്രങ്ങളാണല്ലോ എന്ന് ഉതുപ്പാൻ കരുതി.

**33.** കഥാപാത്ര നിരൂപണത്തിലെ ആദ്യഘട്ടം കഥാപാത്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കലാണ്.

**34.** വെള്ളമേഘങ്ങളെയാണ് ശവപ്പെട്ടിയായി കവി സങ്കല്പിച്ചത്.

**35.** ഇരുട്ടുകൊണ്ട് മുഗ്ധാംഗി സ്വപ്നകേളികളുടെ സാഫല്യമാണ് ആഗ്രഹിക്കുന്നത്.

**V.** അഞ്ചെണ്ണം ചേരുംപടി ചേർക്കുക (രണ്ടുഭാഗവും എഴുതണം) ഒരു മാർക്ക് വീതം. **5x1=5**

| | | |
|---|---|---|
| **36.** ഇടശ്ശേരി | - | കിരണാവലി |
| **37.** ഉള്ളൂർ | - | നാലുകെട്ട് |
| **38.** എം. ടി. വാസുദേവൻ നായർ | - | സൌജന്യ നിരീക്ഷണം |
| **39.** എം. പി. പോൾ | - | നാടക ദർശനം |
| **40.** ജി. ശങ്കരപ്പിള്ള | - | കാവിലെ പാട്ട് |



UNNATI EDUCATIONS
9899436384: 9654-279-279

VI. അഞ്ചെണ്ണത്തിനു പകരം പദമെഴുതുക. ഒരു മാർക്ക് വീതം. 5x1=5

41. ആർത്തി

42. പക്ഷം

43. ഹരിതം

44. പഞ്ജരം

45. ഒളി

VII. ചേർത്തെഴുതുക. (അഞ്ചെണ്ണം) ഒരു മാർക്ക് വീതം. 5x1=5

46. കുടുംബ + പെരുമ

47. പുന്നെല്ല് + അരി

48. വിട്ട് + അയയ്ക്കുക

49. വിണ്ണ് + ഏറുവാൻ

50. സ+ ഉന്മേഷം

UNNATI EDUCATIONS
EK KADAM UNNATI KI AUR

VIII. ഏതെങ്കിലും 10 എണ്ണം 20 - 25 വാക്കുകളിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. 10x2=20

51. ഉതുപ്പാന്റെ കിണറിന് നേരിടേണ്ടി വന്ന ഉപദ്രവങ്ങൾ എന്തെല്ലാം ?

52. അടിച്ചമർത്തപ്പെട്ടവരുടെ നിസ്സഹായതയും ദൈന്യതയും കടൽത്തീർത്ത് എന്ന കഥയിൽ വ്യക്തമാക്കിയതിന് ഒരു ഉദാഹരണം എഴുതുക.

53. കണ്ണാന്തളിപ്പൂക്കളുടെ കാലം എന്ന ലേഖനത്തിൽ സൂചിപ്പിക്കുന്ന തറവാട്ടിലെ പഴയ പതിവുകൾ എന്തൊക്കെ ?

54. 'കുരിശേ ജയിക്ക' എന്ന് കവി പറയുന്നതെന്തുകൊണ്ട് ?

55. കുരുവികളുടെ വഴക്കുകൂടൽ കുഞ്ഞു പാത്തുമ്മയുടെ മനസ്സിൽ കൊണ്ടുവന്ന ചിത്രം എന്ത് ?



UNNATI EDUCATIONS
9899436384: 9654-279-279

56. കടങ്കഥകളിൽ നിത്യ പരിചയമുള്ള പ്രവൃത്തികളും വസ്തുതകളും പ്രതിപാദിക്കുന്ന ഒരു ഉദാഹരണം എഴുതുക.

57. മനോജിന്റെ വിവാഹ ദിവസം പരിചയക്കാരനായ ഡോക്ടർ ലേഖകനോട് പറഞ്ഞതെന്ത് ?

58. കർണ്ണൻ മരിച്ചു കുടക്കുന്നത് കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

59. 'കനിവാറ്റിൽ തിരക്കോളിൽ കടക്കൺ കോണിളക്കവേ' - ഇതിലെ പ്രയോഗ ഭംഗി വിശദമാക്കുക.

60. അടിമത്ത മനോഭാവത്തിന്റെ ശക്തി 'സബർമതി ദൂരെയാണ് ' എന്ന നാടകത്തിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ?

UNNATI
EDUCATIONS

61. സ്വതന്ത്ര ചിന്തയുടെ എന്തെല്ലാം സന്ദേശങ്ങളാണ് സോക്രട്ടീസ് ലോകത്തിന് നൽകിയത് ?

62. സൂര്യനെ എതിരേറ്റ ബാലികയുടെ ഭാവം കവി എങ്ങനെ വിവരിച്ചിരിക്കുന്നു.

EK KADAM UNNATI KI AUR

63. അപ്പനെ നദിയിലേക്കൊഴുക്കിയ ശേഷം ടോജോ പറഞ്ഞതെന്താണ് ?

64. 'കേവലതയിൽ നിറുത്തി ശരിതെറ്റുകൾ വിധിക്കുന്ന പ്രക്രിയ സാഹിത്യ നിരൂപണത്തിന് ചേർന്നതല്ല' എന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

65. യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമാണെന്ന് പറയാൻ കാരണം എന്ത് ?



UNNATI EDUCATIONS
9899436384: 9654-279-279

IX. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40 - 45 വാക്കുകളിൽ ഉത്തരം എഴുതുക. 3 മാർക്ക് വീതം. 5x3=15

66. കഥാപാത്രങ്ങൾക്ക് പേരുകൾ നൽകുന്നതിൽ ഒ. വി. വിജയൻ പാലിച്ച ഔചിത്യം ചുരുക്കി എഴുതുക.

67. അയൽപക്കം കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നാണ് ലേഖകന്റെ അഭിപ്രായം ?

68. തുള്ളൽക്കവിതകളിലെ ഭാഷാപരമായ പ്രത്യേകതകൾ ചുരുക്കി വിവരിക്കുക.

69. ബഷീറിന്റെ കഥാശൈലിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

70. 'വിട്ടയയ്ക്കുക' എന്ന കവിതയിലൂടെ കവി നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം ?

71. 'ചീത്തവാക്ക് അറിയുന്നതും വിദ്യാഭ്യാസം തന്നെ' ലേഖകന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

72. 'എനിക്കിനി അവളേയുള്ളു' – മനോജിന്റെ വാക്കുകളിൽ തെളിയുന്ന ദാമ്പത്യ സങ്കല്പത്തെ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

UNNATI EDUCATIONS
EK KADAM UNNATI KI AUR

73. ആനുകാലിക ആഘോഷങ്ങളിൽ കണ്ടു വരുന്ന ആഡംബര സ്വഭാവം ലളിത ജീവിതത്തിന് എങ്ങനെ തടസ്സമാകുന്നു എന്ന് വിവരിക്കുക.

X. താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് 100 - 150 വാക്കുകളിൽ ഉത്തരമെഴുതുക. 5 മാർക്ക് വീതം. 3x5=15

74. (എ) പുത്രമരണത്താൽ മനം തകർന്ന ഒരമ്മയുടെ കഠിനമായ ദുഃഖത്തെ ഗാന്ധാരി വിലാപത്തിലൂടെ എഴുത്തച്ഛൻ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ? വിശദമാക്കുക.

**അല്ലെങ്കിൽ**

(ബി) 'സൂക്ഷ്മമായ മനുഷ്യഹൃദയജ്ഞാനമാണ് ഉതുപ്പാന്റെ കഥാപാത്ര സൃഷ്ടിയിലൂടെ കാരൂർ പ്രകടിപ്പിക്കുന്നത്.' കഥ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.



UNNATI EDUCATIONS
9899436384: 9654-279-279

75. (എ) 'ഹാസ്യത്തിന്റെയും പരിഹാസോക്തിയുടെയും വഴിയിലൂടെയാണ് കർണ്ണപർവം എന്ന കഥ സഞ്ചരിക്കുനത്, പക്ഷെ ദൈന്യത്തിന്റെയും നിരാലംബതയുടെയും ഒരു കണ്ണീർ അടിയിലൂടെ ഒഴുകിപ്പോകുന്നത് കാണാനാകും.' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കഥയെ വിലയിരുത്തുക.

**അല്ലെങ്കിൽ**

(ബി) 'ഇന്നു ഞാൻ നാളെ നീ' എന്ന കവിതയെ അടിസ്ഥാനപ്പെടുത്തി ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിലെ മൃത്യുബോധത്തെക്കുറിച്ച് ഉപന്യസിക്കുക.

76. (എ) സമ്പന്നമായ ബാല്യകാല സ്മരണകളെ സുന്ദരമായി ആവിഷ്കരിക്കുന്ന രചനയാണ് 'കണ്ണാന്തളിപ്പൂക്കളുടെ കാലം.' സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(ബി) സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അവഗണന മലയാള സാഹിത്യത്തിന് എത്രത്തോളം വിഷയമായിട്ടുണ്ട് ? പരിചിതമായ ഒരു രചനയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

- o O o -

UNNATI
EDUCATIONS
EK KADAM UNNATI KI AUR



UNNATI EDUCATIONS
9899436384: 9654-279-279